# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3686** **11.12.2018 - ൽ മറുപടി നൽകേണ്ടിയിരുന്നത്**

**സർവ്വകലാശാലകളിലെ ഉന്നത തസ്തികകളിലെ നിയമനം**

*ചോദ്യം*
ശ്രീ.അൻവർ സാദത്ത് :

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നീ അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി വഴിയുള്ള നിയമനത്തിന് പകരം സർവ്വകലാശാലകൾക്ക് നേരിട്ട് നിയമനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; | (എ) & (ബി) | സർവ്വകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നീ അനദ്ധ്യാപക തസ്തികകളിലെ നിയമനം പി.എസ്.സി. വഴിയല്ല നടത്തുന്നത്. സർവ്വകലാശാലകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അനുമതി നൽകാറുണ്ട്. |
| (ബി) | എങ്കിൽ അത് സർക്കാർ അംഗീകരിച്ച സർവ്വകലാശാലാ നിയമങ്ങളുടെ ലംഘനമല്ലേ എന്ന് വിശദമാക്കുമോ; | | |
| (സി) | കുസാറ്റ്, എം.ജി. സർവ്വകലാശാലകൾ പ്രസ്തുത തസ്തികകളിൽ നേരിട്ട് നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ? | (സി) | സർവ്വകലാശാലകളിലെ നിലവിലുള്ള സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിൽ കുസാറ്റിൽ ഫൈനാൻസ് ഓഫീസർ, എം.ജി. സർവ്വകലാശാലയിൽ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നീ തസ്തികകളിൽ നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിയമാനുസൃതമായതിനാൽ സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ